(ഡി) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിൽ നിന്നും 27-12-2004 മുതൽ സുനാമി സംബന്ധിച്ച പിരിവ് നിർത്തിവെച്ചത് വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക 40.07 കോടി രൂപയാണ്.

(ഇ) സുനാമിക്ക് വേണ്ടി പ്രത്യേക ഫണ്ട് സർക്കാർ രൂപീകരിച്ചിട്ടില്ല. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ലഭിച്ച സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. 27-12-2004 മുതൽ സുനാമി സംബന്ധിച്ച പിരിവ് നിർത്തിവെച്ചതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 40.07 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 36.25 കോടി രൂപ ടി നിധിയിൽ നിന്നും ചെലവായിട്ടുണ്ട്. കൂടാതെ സുനാമിയുടെ വാർഷികം പ്രമാണിച്ച് അഞ്ചു കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ് ചെലവഴിക്കുന്നത്.

(എഫ്, ജി) സുനാമി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പരാമർശിച്ച ലോകായുക്തയുടെ വിധിയുടെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.††

സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ ആകെ കണക്ക്

106. [106] ശ്രീ. ടി. കെ. ദേവകുമാർ:
" ഡോ. തോമസ് ഐസക്:
" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ ആകെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓഖി ദുരന്തത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) സുനാമി ദുരന്ത നഷ്ടപരിഹാരമായി കേന്ദ്രത്തിൽ നിന്നും എത്ര തുകയുടെ ധനസഹായമാണ് ആവശ്യപ്പെട്ടത്; ഇതിനകം കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര തുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സുനാമി ദുരന്തത്തെത്തുടർന്ന് വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സുനാമി ദുരിതബാധിതർക്ക് ലോകായുക്ത വിധിച്ച നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

†† അനുബന്ധം XIIIഎ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുനാമി ദുരിതാശ്വാസ ഫണ്ട് വക മാറ്റി ചെലവഴിച്ചതായ ലോകായുക്ത യുടെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്തിന് ആകെ 2371.03 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്, ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.†

(ബി) നാശനഷ്ടം സംഭവിച്ച 2371.03 കോടി രൂപയും ധനസഹായമായി നൽകണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. ഇതിനകം കേന്ദ്ര ഗവൺമെന്റിൽ നിന്നും 100 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

(സി) സുനാമി ദുരന്തത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ മുഴുവൻ കുടുംബങ്ങൾക്കും സ്ഥിരം വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇപ്രകാരം ആവശ്യമായ 4055 വീടുകൾ നിർമ്മിക്കുന്നതിന് സന്നദ്ധരായി മുന്നോട്ട് വന്ന സന്നദ്ധ സംഘടനകൾക്ക് അവ അനുവദിച്ചു നൽകി.അതിൽ 2431 വീടുകൾ ഇതിനകം പൂർത്തി യാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം വീടുകളുടെ നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.††

(ഡി) സുനാമി ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ലോകാ യുക്ത വിധിയൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഒരു പരാതിക്കാരന് റേഷൻ കാർഡ് നൽകണമെന്നും മറ്റൊരു ദമ്പതികൾക്ക് ആവശ്യമായ ചികിത്സ നൽകണമെന്നുമുള്ള ഉത്തരവ് നടപ്പിലാക്കിവരുന്നു.

(ഇ) സുനാമി ദുരിതാശ്വാസ ഫണ്ട് എന്ന ഒരു ഫണ്ട് നിലവിലില്ല. സുനാമി ദുരിതാശ്വാസത്തിനായി പൊതുജനങ്ങളും സന്നദ്ധ സംഘടനകളും നൽകിയ സംഭാവന കൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അപ്രകാരം സംഭാവനകൾ മുഖേന ലഭിച്ച തുക മുഴുവൻ സുനാമി ദുരിതാശ്വാസത്തിനായല്ല ചെല വഴിച്ചതെന്നും ആ തുക മറ്റു ദുരിതാശ്വാസങ്ങൾക്ക് ചെലവഴിച്ചത് ശരിയായില്ല എന്നു മുള്ള ലോകായുക്തയുടെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സുനാമി ദുരന്തം സംബന്ധിച്ച നഷ്ടം

107. [107] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കോടി രൂപ യുടെ നഷ്ടമുണ്ടായി എന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;

† അനുബന്ധം XIV

†† അനുബന്ധം XIVഎ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 106 (106) ദയവായി കാണുക]

Tsunami Revised Estimates of Damages and Proposals for Relief, Rehabilitation and Reconstruction (Rs. Lakhs)

Sl. No.	*Sector/Department*	*Loss*
1	Rescue and Immediate Relief	17335.00
2	Housing-Relief and Reconstruction	77223.00
3	Damages/Losses in other sectors (including infrastructure projects of these sectors)	0.00
3.1	Fisheries sector (including fishing harbours)	19388.00
3.2	Agriculture Sector	1313.50
3.3	Animal Husbandry	154.80
3.4	Health Sector	9847.00
3.5	Co-operation	1887.05
3.6	Social Welfare	1883.60
3.7	Forest Department	5500.00
3.8	Tourism Department	10000.00
3.9	Science, Technology and Environment Department	5000.00
	Sub Total 3	**54973.95**
4	Repair, Reconsturuction and Restoration of Infrastructure	
4.1	Roads and Bridges	10551.00
4.2	Water Supply Systems	12000.00
4.3	Anti Sea Erosion and other Restoration Works (Sea Walls, etc.	37218.00
4.4	Power Supply Systems	8300.00
4.5	Ports Sector	4402.00
4.6	Other Public Buildings like Schools, Libraries, Recreation Clubs etc.	5000.00
	Sub Total 4	**77471.00**
5	Other items	
5.1	Special package for Alappad and Arattupuzha	10000.00
5.2	Repair of Spilway at Thottappally	100.00
	Sub Total 5	**10100.00**
6	*Grand Total (1 to 5)*	**237102.95**

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV-A

Details Regarding the Progress of Construction of Permanent Houses for the Tsunami Victims

Sl. No.	*District*	*Total No. of houses to be completed*	*No. of houses completed and handed over to the eligible victims*	*In Progress*	*Not yet started*
1	Kollam	2969	1704	729	536
2	Alappuzha	848	489	337	22
3	Ernakulam	238	238	0	0
	Total	4055	2431	1066	558

അനുബന്ധം XV

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (107) മറുപടി കാണുക]

Item-wise Expenditure Details of Tsunami Relief and Rehabilitation out of the Funds Received under Rajiv Gandhi Package

Sl. No.	*Head of account*	*Item*	*Expenditure for 2004-05 (from 26-12-2004 to 31-3-2005)*	*Amount Released during 2005-06 (as on 31-1-2006)*	*Total*
(1)	(2)	(3)	(4)	(5)	(6)
1	2245-02-800-77-01	TRO-Cash Doles	38479000	27000000	65479000
2	2245-02-800-77-02	TRO-Exgratia to bereaved families	17350000	2860000	20210000
3	2245-02-800-77-03	TRO-Exgratia to injured persons	12141308	7705000	19846308
4	2245-02-800-77-04	TRO-Evacuation of Population	59110312	10922000	70032312
5	2245-02-800-77-05	TRO-Food and Clothing	106427677	23200000	129627677

LIBRARY ARCHIVES Kerala Legislative Assembly